## അര സ്കോറിനുള്ള ചോദ്യങ്ങൾ

1.സൺക്ലോക്ക് ഭൂപടത്തിൽ സമയമാറ്റം ആവശ്യമായ അളവിൽ ക്രമീകരിക്കാൻ ചുവടെ കൊടുത്തിട്ടുള്ള വയിൽ ഏത് ബട്ടൺ ഉപയോഗിക്കാം?
(A,G,B,P)
2.ജിമ്പ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന ഒരു ഫയലിന്റെ തനത് ഫോർമാറ്റ്.
(.odt, .png, .xcf, .jpg)

3.ഗ്രീനിച്ച് സമയം രാവിലെ പത്ത്മണി ആയിരിക്കുമ്പോൾ ഇന്ത്യൻ സമയം എത്രയായിരിക്കും?

4.ചുവടെ നൽകിയിരിക്കുന്ന ടൂൾ ജിമ്പ് സോഫ്റ്റ് വെറിൽ എന്ത് ധർമ്മം നിർവഹിക്കുന്നതിന് ഉപയോഗിക്കുന്നു?



(ജിമ്പിൽ വരച്ച ചിത്രം മായ്ക്കാൻ, പശ്ചാത്തല നിറം നൽകാൻ, ക്ലോൺ ചെയ്യാൻ, വരകൾക്ക് ആകർഷകമായ നിറം നൽകാൻ.)

5.ആർപാനെറ്റിന്റെ തലവനായിരുന്ന ഇദ്ദേഹമാണ് ഇന്റർനെറ്റിന്റെ പിതാവായി അറിയപ്പെടുന്നത്. എന്താണ് ഇദ്ദേഹത്തന്റെ പേര് ?

6.ആവശ്യമായ വിവരങ്ങൾ ഉള്ള സൈറ്റിന്റെ കൃത്യമായ വെബ് വിലാസം അറിയാതെ വരുമ്പോൾ അത് കണ്ടെത്താനുള്ള സൗകര്യം തരുന്ന വെബ്സൈറ്റുകൾ.........................................എന്ന പേരിൽ അറിയപ്പടുന്നു.

7.സൂര്യ ചന്ദ്രൻമാരുടെ സ്ഥാനം കാണിക്കാൻ sunclock ലെ ഏത് ടൂളാണ് ഉപയോഗിക്കുന്നത്?
(A.P.Y.G)

8.ലോകത്താകമാനമുള്ള കമ്പ്യൂട്ടർ ശൃംഘലകളെ പരസ്പരം ബന്ധിപ്പിച്ചിരിക്കുന്ന ആഗോള കമ്പ്യൂട്ടർ ശൃഗലയാണ് -------------------------?

9. നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യസവകുപ്പിന്റെ വെബ് സൈറ്റ് വിലാസം.......................................ആണ്.

10.ലോക ഭൂപടത്തിൽ രാത്രിയും പകലും അനുഭവപ്പെടുന്ന രാജ്യങ്ങളെ നിഴലും വെളിച്ചവും നൽകി വേർതിരിച്ചു കാണിക്കുന്ന ഒരു പഠന സോഫ്റ്റ്‌വെയർ ആണ് ......................
(കെ സ്റ്റാർ, സൺക്ലോക്ക്, ജിയോജിബ്ര,മാർബിൾ)

## ഒരു സ്കോറിനുള്ള ചോദ്യങ്ങൾ

1.ഓപ്പൺ ഓഫീസ് വേർഡ് പ്രൊസസ്സറിൽ insert മെനുവിലെ Manual Break എന്ന സങ്കേതം എന്താവശ്യത്തിലാണ് ഉപയോഗിക്കുന്നത്?
2.പൂർണ്ണരൂപം എഴുതുക? 1. LAN 2.WAN
3.ഏതെങ്കിലും രണ്ട് വെബ് ബ്രൗസറുകളുടെ പേരെഴുതുക?

4.ഏതെങ്കിലും രണ്ട് സർച്ച് എഞ്ചിനുകളുടെ പേരെഴുതുക?
5.വിക്കിപീഡിയ മലയാളം പതിപ്പിന്റെ വെബ്‌വിലാസം എഴുതുക?
6.ഇ-മെയിൽ വിലാസം സൗജന്യമായി ലഭ്യമാക്കുന്ന എതെങ്കിലും രണ്ട് വെബ്‌സൈറ്റുകളുടെ വിലാസം എഴുതുക?
7.ജിമ്പിൽ ചിത്രങ്ങൾ XCF ഫോർമാറ്റിൽ സേവ് ചെയ്യുന്നതിന്റെ ആവശ്യകത എന്ത്?

8.ജിമ്പിൽ തയ്യാറാക്കിയ ഒരു പോസ്റ്റർ .jpeg , .png , .xcf എന്നീ വ്യത്യസ്ത ഫോർമാറ്റുകളിൽ സേവ് ചെയ്തു. ഏത് ഫോർമാറ്റിൽ സേവ് ചെയ്ത് ഫയലിനായിരിക്കും File Size കൂടുതൽ ?
9.സൺ ക്ളോക്ക് ഉപയോഗിച്ച് ജൂൺ 21 മുതൽ ഡിസംബർ 23 വരെ സൂര്യന്റെ സ്ഥാനം നിരീക്ഷിച്ച ഒരു കുട്ടി മനസ്സിലാക്കിയത് സൂര്യന്റെ സ്ഥാനചലനം രണ്ട് അക്ഷാംശരേഖകൾക്കിടയിലാണെന്നാണ്. ഏതൊക്കയായിരിക്കും ആ അക്ഷാംശ രേഖകൾ ?
10.സൂര്യന്റെ സ്ഥാനം ഭൂമധ്യരേഖയിൽ ആയിരിക്കുമ്പോൾ ഭൂമിയിലെ വിവിധ പ്രദേശങ്ങളിൽ രാവിനും പകലിനും ഉള്ള പ്രത്യേകത എന്താണ് ?
11.ലോക്കൽ ഏരിയാ നെറ്റ്‌വർക്ക് അഥവാ ലാൻ സംവിധാനത്തിനു ഒരുദാഹരണം എഴുതുക.
12.കമ്പ്യൂട്ടറുകൾ പരസ്പരം ബന്ധിപ്പിക്കുന്നതുകൊണ്ടുള്ള രണ്ട് പ്രയോജനങ്ങൾ എഴുതുക.

## ഒന്നര സ്കോറിനുള്ള ചോദ്യങ്ങൾ

1.കേരളത്തിലെ നാടൻകലകളെ കുറിച്ച പ്രസന്റേഷൻ തയ്യാറാക്കുന്നതിലേക്കായി സുമയ്ക്കു കുറച്ച ചിത്രങ്ങൾ വേണം.പടയണി എന്ന കലാരൂപത്തിന്റെ മനോഹരചിത്രം ഇന്റർനെറ്റിൽ കണ്ട സുമ തന്റെ ഡെസ്ക്ടോപ്പിലേയ്ക്കു അത് സേവു ചെയ്യുകയും ചെയ്തു. സേവു ചെയ്യാൻ സുമ ചെയ്ത പ്രവർത്തന ക്രമം എഴുതുക
2.സൺക്ലോക്ക് ഭൂപടത്തിൽ സമയമേഖലകളും പ്രധാന അക്ഷാംശരേഖകളും പ്രത്യക്ഷപ്പെടുത്താനുള്ള പ്രവർത്തനക്രമം എഴുതുക.
3.രാജുവിന് ഓപ്പൺ ഓഫീസ് വേർഡ് പ്രോസസ്സറിൽ തയ്യാറാക്കിയ തന്റെ ഉപന്യാസത്തിന്ന് പേജ് നമ്പർ നൽകണം. ഇതിന്റെ പ്രവർത്തന ക്രമം വിശദീകരിച്ച് രാജുവിനെ സഹായിക്കാമോ?.
4.സമയമേഖലഭൂപടത്തിൽ ഒരു പ്രദേശം വലുതാക്കി കാണിക്കുന്നത് എങ്ങനെ?
5.Open Office Word Processor തുറന്ന് ഒരു കുട്ടി ഒന്നാമത്തെ പേജിൽ മൂന്ന് വരികളിലായി ഒരു ചെറു കുറിപ്പ് ടൈപ്പ് ചെയ്തു. ഇനി ടൈപ്പ് ചെയ്യേണ്ടത് രണ്ടാമത്തെ പേജിലാണ്. Enter Key അമർത്താതെ നേരിട്ട് രണ്ടാമത്തെ പേജിലേക്ക് എത്താനുള്ള പ്രവർത്തനക്രമം എഴുതി അവനെ സഹായിക്കാമോ ?
6.Open Office Word Processor തുറന്ന് ഒരു കുട്ടി അവന്റെ ജില്ല ടൈപ്പ് ചെയ്തപ്പോൾ ചുവന്ന അടിവരയോടെ കാണപ്പെട്ടു. ഈ ജില്ലയുടെ പേര് Open Office Word Processor -ന്റെ നിഘണ്ടുവിൽ ഇല്ലാത്തതാണ് കാരണമെന്ന് മനസ്സിലായി. എങ്കിൽ Office Word Processor -ന്റെ നിഘണ്ടുവിലേക്ക് ഈ വാക്ക് ചേർക്കുവാനുള്ള പ്രവർത്തനക്രമം എഴുതുക ?
7.നിങ്ങൾ തയ്യാറാക്കിയ ഒരു ഖണ്ഡികയുടെ വരികൾ തമ്മിലുള്ള അകലം കൂട്ടണമെന്നിരിക്കട്ടെ എങ്ങനെയാണ് അത് ചെയ്യുന്നത്?

8.ഇന്ത്യൻ സ്റ്റാൻന്റേർഡ് സമയവും ഗ്രീനിച്ച് സമയവും തമ്മിലുള്ള വ്യത്യാസം അഞ്ചര മണിക്കൂർ ആണല്ലോ. Sun Clock സോഫ്റ്റ് വെയർ ആധാരമാക്കി ഈ വ്യത്യാസത്തിനുള്ള കാരണമെന്തെന്ന് വിശദമാക്കുക.

9.Sunclock ജാലകത്തിലെ ടൂൾബാറിലെ M,P,T എന്നീ ടാബുകൾ കൊണ്ടുള്ള ഉപയോഗമെന്ത് ?

## രണ്ട് സ്കോറിനുള്ള ചോദ്യങ്ങൾ

1.ചുവടെ കൊടുത്തിരിക്കുന്ന ഭൂമിശാസ്ത്രസംബന്ധിയായ വിവരങ്ങൾ സൺക്ലോക്ക് ഭൂപടത്തിൽ പ്രത്യക്ഷമാക്കുന്നത് എങ്ങിനെ?

- സമയമേഖല
- പ്രധാന അക്ഷാംശരേഖകൾ
- സൂര്യചന്ദ്രന്മാരുടെ സ്ഥാനം
- പ്രധാന നഗരങ്ങളുടെ സ്ഥാനം

2.ഓപ്പൺ ഓഫീസ് വേർഡ് പ്രൊസസ്സറിൽ Format----Paragraph എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന ജാലകത്തിലെ ചുവടെ കൊടുത്ത ടാബുകൾ ഓരോന്നും എന്ത് കാര്യം ചെയ്യാനായി ഉപയോഗിക്കുന്നു എന്നെഴുതുക?

- Background
- Indent & Spacing
- Borders
- Line Spacing

3.ഓപ്പൺ ഓഫീസ് വേർഡ് പ്രൊസസ്സർ ജാലകത്തിൽ 5 നിരകളും 6 വരികളും ഉള്ള ഒരു പട്ടിക(table) ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനക്രമം എഴുതുക?

4.നിങ്ങളുടെ പുസ്തകത്തിൽ ഓരോ പേജിലും ഒരു നിശ്ചിതസ്ഥാനത്ത് പേജ് നമ്പർ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ. ഇത്തരത്തിൽ ഓപ്പൺ ഓഫീസ് വേഡ് പ്രൊസസ്സറിൽ തയ്യാറാക്കിയ ഒരു ഡോക്യുമെന്റിൽ പേജ് നമ്പർ നൽകുന്നതിനുള്ള വർക്ക് ഷീറ്റ് തയ്യാറാക്കുക.

5.ജൂൺ 5 ലോകപരിസ്ഥിതിദിനത്തിൽ സ്കൂളിൽ പ്രദർശിപ്പിക്കാൻ ജിമ്പിൽ ഒരു പോസ്റ്റർ നിർമ്മിക്കാൻ അധ്യാപകൻ നിങ്ങളോടാവശ്യപ്പെട്ടു. അതിൽ ശീർഷകമായി 'SAVE NATURE' എന്ന ഒരു ലോഗോ ഉൾപ്പെടുത്തണം.എങ്ങനെയാണ് ഈ ലോഗോ തയ്യാറാക്കുന്നത്?

6.ആദർശ് ജിമ്പ് ജാലകം തുറന്ന് അനുയോജ്യമായ ഒരു ക്യാൻവാസ് എടുത്തു. കൂടാതെ File-Open വഴി ഒരു ചിത്രവും തുറന്ന് വെച്ചിട്ടുണ്ട്. ഇനി ചെയ്യേണ്ടത് ചിത്രം ക്ലോൺ ടൂൾ വഴി ക്യാൻവാസിലേക്ക് പകർത്തുകയാണ്. ഇതിനുള്ള പ്രവർത്തനക്രമം എഴുതി ആദർശിനെ സഹായിക്കുമോ ?

7.സൂര്യൻ ഭൂമധ്യരേഖയിലൂടെ സഞ്ചരിക്കുമ്പോൾ രാത്രിയുടേയും പകലിന്റേയും ദൈർഘ്യം തുല്യമാണെന്നു (സമരാത്ര ദിനം)നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ.സെപ്റ്റംബർ 23 സമരാത്രദിനമാണ്.സൺക്ലോക്ക് സോഫ്റ്റ്‌വെയർ

സെപ്റ്റംബർ 23 ലേക്കു ക്രമീകരിച്ച സൂര്യന്റെ സ്ഥാനം പ്രദർശിപ്പിക്കുന്ന വിധം എഴുതുക.

8.കുമാരനാശാന്റെ ജീവചരിത്രം ഓപ്പൺ ഓഫീസ് വേഡ് പ്രൊസ്സസ്സറിൽ മലയാളത്തിൽ തയ്യാറാക്കിയ രാഹുലിനു ഇന്റർനെറ്റിൽ നിന്നും സേവ് ചെയ്ത കവിയുടെ ചിത്രം കൂടി അതിൽ ഉൾപ്പെടുത്തണമെന്നുണ്ട്. അതിനുള്ള വഴി പറഞ്ഞുകൊടുക്കാമോ?

9.നിങ്ങൾ ഉപയോഗിക്കുന്ന Gnu-Linux ൽ മലയാളം keyboard set ചെയ്യുന്നതിനുള്ള പ്രവർത്തന ക്രമം വിവരിക്കുക?

## പ്രായോഗിക പരീക്ഷക്കുള്ള ചോദ്യങ്ങൾ

1.www.resource.itschool.gov.in എന്ന വെബ്സൈറ്റ് തുറന്ന് ജീവശാസ്ത്രത്തിലെ ഒന്നാം യൂണിറ്റിലുള്ള തലച്ചോറിന്റെ ഘടന വ്യക്തമാക്കുന്ന പ്രസന്റേഷൻ നിങ്ങളുടെ Exam ഫോൾഡറിൽ സേവ് ചെയ്യുക. പ്രവർത്തനത്തിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കണം.

2.താഴെ തന്നിരിക്കുന്ന മാതൃകയിൽ ഓപ്പൺ ഓഫീസ് വേർഡ് പ്രൊസസ്സറിൽ ആർക്കെമെഡീസിനെ പറ്റിയുള്ള ഒരു നെയിം കാർഡ് തയ്യാറാക്കുക.



Archimedes of Syracuse ( 287 BC – 212 BC) was a Greek mathematician, physicist, engineer, inventor, and astronomer.

3.സൺക്ലോക്ക് ജാലകം തുറന്ന് അതിൽ ഡിസംബർ 22 സെറ്റ് ചെയ്യുക. പ്രത്യേകതകൾ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുക.

4. താഴെ കൊടുത്തിരിക്കുന്ന പട്ടിക വേർഡ്പ്രോസസർ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുക.

| താപനില | | | |
|---|---|---|---|
| നഗരങ്ങൾ | കൂടിയത് (ഡിഗ്രി സെൽഷ്യസിൽ) | കുറഞ്ഞത് (ഡിഗ്രി സെൽഷ്യസിൽ) | ശരാശരി |
| തിരുവനന്തപുരം | 32 | 22 | 27 |
| കൊച്ചി | 33 | 26 | 29.5 |
| കോഴിക്കോട് | 25 | 17 | 21 |

5.ചുവടെ കൊടുത്തിട്ടുള്ള പട്ടിക തയ്യാറാക്കി ഹോമിലുള്ള answer files എന്ന ഫോൾഡറിൽ സേവ് ചെയ്യുക.

| നമ്പർ | ടാബ് | ഉപയോഗം |
|---|---|---|
| 1 | Y | സൂര്യചന്ദ്രന്മാരുടെ സ്ഥാനം |
| 2 | A | സമയം മുന്നോട്ട് ക്രമീകരിക്കാൻ |

| | | |
|---|---|---|
| 3 | B | സമയം പിന്നോട്ട് ക്രമീകരിക്കാൻ |

6.ചുവടെ കൊടുത്തിട്ടുള്ള പട്ടിക ചേരുംപടി ചേർത്ത് പൂർത്തിയാക്കി ഹോമിലുള്ള answer files എന്ന ഫോൾഡറിൽ സേവ് ചെയ്യുക.

| A വിഭാഗം | B വിഭാഗം |
|---|---|
| ക്ലോൺ ടൂൾ | സൺക്ലോക്ക് |
| സമയമേഖലാഭൂപടം | ഇന്റർനെറ്റ് |
| സെർച്ച് എഞ്ചിൻ | ജിമ്പ് |

7.“2006 ജൂൺ 9 -ന് വൈകുന്നേരം മ്യൂണിക്കിൽ അവിടത്തെ സമയം 6.00 ന് നടന്ന ലോകകപ്പ് ഉദ്ഘാടനമത്സരത്തിന്റെ തത്സമയ ടി.വി.സംപ്രേഷണം ഇവിടെ അന്നേ ദിവസം രാത്രി 9.30 -നാണ് കാണാൻ സാധിച്ചത്.”

കിരൺ തന്റെ ഐ.ടി. പാഠപുസ്തകം വായിക്കുകയാണ്.അപ്പോഴാണ് കിരൺ റിയാസിനെ ഓർത്തത്. അക്കാലത്ത് സൗദി അറേബ്യയിലെ റിയാദിൽ പഠിച്ചിരുന്ന ബാല്യകാലസുഹൃത്തായ റയീസിന് ഇതിന്റെ തത്സമയ ടി.വി.സംപ്രേഷണം അവിടെ ഏത് സമയത്തായിരിക്കും കാണാൻ സാധിച്ചിട്ടുണ്ടാവുക?കിരണിന് സൺക്ലോക്ക് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഇതിന്റെ ഉത്തരം നൽകുക.

8.സൺക്ലോക്ക് തുറന്ന് ടൂൾബാർ ദൃശ്യമാക്കി അനുയോജ്യമായ ടൂൾ ഉപയോഗപ്പെടുത്തി ഉത്തരായനരേഖ കണ്ടെത്തുക.തുടർന്ന് ഉത്തരായനരേഖ കടന്നുപോകുന്ന ഒരു രാജ്യം കണ്ടുപിടിക്കുക.
9.2011 ആഗസ്റ്റ് 30 ലെ day length എത്രയുണ്ടാകുമെന്ന് sunclock ലൂടെ കണ്ടെത്തുക?
10.ഇന്ത്യയിൽ പകലാകുമ്പോൾ രാത്രിയാകുന്ന മൂന്ന് രാജ്യങ്ങൾ sunclock ലൂടെ കണ്ടെത്തുക?
11.2011 August 14 ന് തിരുവനന്തപുരത്ത് 5 pm ന് നടന്ന "മ്ഞ്ച് സ്റ്റാർ സിംഗർ ജൂനിയർ ഗ്രാന്റ് ഫിനാലെ " മൽസരം റിയാദിൽ എപ്പോൾ നടക്കുമെന്ന് Sunclock ന്റെ സഹായത്തോടെ കണ്ടെത്തുക.
12.IT Club മെമ്പർമാരുടെ വിവരങ്ങൾ ശേഖരിക്കുവാൻ ക്ലബിന്റെ സെക്രട്ടറിക്ക് താഴെ ചേർത്ത രൂപത്തിലുള്ള ഒരു പട്ടിക ആവശ്യമാണ്. എങ്ങിനെ തയ്യാറാക്കാം.

| IT Club<br>GHSS Kozhikode | | | |
|---|---|---|---|
| Sl No | Name | Class | Signature |
| | | | |
| | | | |
| | | | |

13.ഐ ടി ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂളിൽ വെച്ച് സംഘടിപ്പിക്കുന്ന ഐടിക്ലബ് ഉദ്ഘാടനത്തിന്റെ ഒരു ലോഗോ നിർമ്മിക്കുന്നതിന് രാജുവിനെ ഒന്ന് സഹായിക്കാമോ?

14.മലയാള പാഠാവലിയിലെ ശൂദ്രരിൽ ശൂദ്രൻ എന്ന കവിതയുടെ പഠനവുമായി ബന്ധപ്പെട്ട് ശ്രീനാരായണ ഗുരുവിന്റെ ജീവ ചരിത്ര കുറിപ്പ് തയാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടല്ലോ. ഗുരുവിന്റെ ചിത്രം home ലെ inages folder ൽ നിന്നും insert ചെയ്ത് അദ്ദേഹത്തെപ്പറ്റി മാതൃഭാഷയിൽ കുറിപ്പ് തയാറാക്കുക.

15.വെബ് ബ്രൗസർ തുറന്ന് ഗൂഗിൾ സെർച്ച് എഞ്ചിൻ ഉപയോഗിച്ച് GANGHIJI എന്ന് സൂചനാപദം ടൈപ്പ് ചെയ്യുക.ഗാന്ധിജിയെക്കുറിച്ച് പ്രതിപാദിക്കുന്ന വെബ്സൈറ്റുകൾ കാണിക്കുന്ന പേജ് പ്രത്യക്ഷമാക്കി ഒരു വെബ്സൈറ്റിന്റെ പേര് കുറിച്ചെടുക്കുക

16.ഓപ്പൺ ഓഫീസ് വേഡ് പ്രൊസസ്സർ തുറന്ന് ആവശ്യമായ വരികളും നിരകളും അടങ്ങുന്ന പട്ടിക ഉൾപ്പെടുത്തി നിങ്ങളുടെ ക്ലാസ്സിന്റെ ടൈംടേബിൾ തയ്യാറാക്കുക.ആദ്യവരിയിൽ പിരിയഡിന്റെ നമ്പറും ആദ്യകോളത്തിൽ പ്രവർത്തിദിവസങ്ങളായ ആഴ്ചകളുടെ പേരും ഉൾപ്പെടുത്തണം.

17.ഡസ്ക്ടോപ്പിലുള്ള exam എന്ന ഫോൾഡറിലുള്ള paragraph എന്ന ഫയൽ തുറന്ന് താഴെ എഴുതിയ കാര്യങ്ങൾ ചെയ്ത് നിങ്ങളുടെ പേര് ഫയൽനാമമായി ചേർത്ത് ഹോമിലുള്ള answer files എന്ന ഫോൾഡറിൽ സേവ് ചെയ്യുക

- ഒന്നാമത്തെ ഖണ്ഡികയുടെ പശ്ചാത്തല നിറം മഞ്ഞനിറമാക്കുക
- രണ്ടാമത്തെ ഖണ്ഡികയ്ക്ക് ബോർഡർ നൽകുക
- മൂന്നാമത്തെ ഖണ്ഡികയിലെ വരികൾക്കിടയിലെ അകലം Double ആക്കി മാറ്റുക

18.ജിമ്പ് തുറന്ന് FREE SOFTWARE DAY എന്ന് ഉള്ളടക്കമുള്ള ഒരു ലോഗോ തയ്യാറാക്കുക.ഇത് ഹോമിലുള്ള answer files എന്ന ഫോൾഡറിൽ .xcf എന്ന ഫോർമാറ്റിൽ സേവ് ചെയ്യുക.തുടർന്ന് ഇതേ ഫയൽ .png എന്ന ഫോർമാറ്റിലും അതേ ഫോൾഡറിൽ സേവ് ചെയ്യുക.

19.സൺക്ലോക്ക് ജാലകം തുറന്ന് താഴെ എഴുതിയ കാര്യങ്ങൾ ചെയ്യുക

- സമയമേഖലാഭൂപടം ദൃശ്യമാക്കുക
- പ്രധാന അക്ഷാംശരേഖൾ ദൃശ്യമാക്കുക
- സൂര്യചന്ദ്രന്മാരുടെ സ്ഥാനം ദൃശ്യമാക്കുക
- പ്രധാന നഗരങ്ങളുടെ സ്ഥാനം ദൃശ്യമാക്കുക

20.ഓപ്പൺ ഓഫീസ് വേഡ് പ്രൊസസ്സർ (റൈറ്റർ) ജാലകം തുറന്ന് നമ്മുടെ രാഷ്ട്രത്തിന്റെ പ്രതിജ്ഞയിലെ ആദ്യത്തെ മൂന്ന് വാക്യങ്ങൾ മലയാളത്തിൽ ടൈപ്പ് ചെയ്യുക(മലയാളം കീബോർഡ് സെറ്റ് ചെയ്തിട്ടുണ്ട്).

(ഇന്ത്യ എന്റെ രാജ്യമാണ്.എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു).